**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4643** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഇ-ടാപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇ-ടാപ്പ് പദ്ധതി വിശദീകരിക്കാമോ; വാട്ടർ അതോറിറ്റിക്ക് കീഴിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | നഗര മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ള കണക്ഷന് വേണ്ടിയും സിവറേജ് കണക്ഷന് വേണ്ടിയും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി വികസിപ്പിച്ച സോഫ്റ്റ്‌വെയർ ആണ് ഇ-ടാപ്പ്. ഈ വിധത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് പരിശോധിക്കുവാനും തുടർ നടപടികൾ സ്വീകരിച്ച് കണക്ഷൻ നൽകുവാനും ഇ-ടാപ്പ് സോഫ്റ്റ്‌വെയറിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 3 സെക്ഷൻ ഓഫീസുകളിലാണ് ഇ-ടാപ്പ് പദ്ധതി നടപ്പിലാക്കുന്നത്. 1) തിരുവനന്തപുരം നോർത്ത് ഡിവിഷന് കീഴിലുള്ള പാളയം സെക്ഷൻ ഓഫീസ്. 2) തിരുവനന്തപുരം സൗത്ത് ഡിവിഷന് കീഴിലുള്ള പി.ടി.പി നഗർ സെക്ഷൻ ഓഫീസ്. 3) കോഴിക്കോട് ഡിവിഷന് കീഴിലുള്ള ഡിസ്ട്രിബ്യൂഷൻ സെക്ഷൻ-2 ഓഫീസ്. |
| (ബി) | എല്ലാവർക്കും കുടിവെള്ളം എന്ന ആശയം യാഥാർത്ഥ്യമാക്കാൻ പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്ന ദൗത്യം വിശദീകരിക്കാമോ; | (ബി) | ഗ്രാമീണ മേഖലയിൽ നിലവിൽ ജെ.ജെ.എം (ജൽ ജീവൻ മിഷൻ) പദ്ധതിയിലൂടെ സൗജന്യമായാണ് കുടിവെള്ള കണക്ഷൻ നൽകുന്നത്. ഇതിനായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് വീടുകൾ സന്ദർശിച്ച് കണക്ഷൻ നടപടിക്രമങ്ങൾ ഓൺലൈനായി പൂർത്തീകരിച്ച് കണക്ഷൻ നൽകുവാനായി പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരുന്നു. ഇ-ടാപ്പ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നഗര മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്കും കുടിവെള്ള കണക്ഷനു വേണ്ടി ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനും കണക്ഷൻ ഫീസ് ഓൺലൈനായി തന്നെ അടക്കുവാനും സാധിക്കും. ഇ-ടാപ്പ് പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതോടെ കേരളത്തിൽ എല്ലാവർക്കും കുടിവെള്ള കണക്ഷന് വേണ്ടി വാട്ടർ അതോറിറ്റി ഓഫീസ് സന്ദർശിക്കാതെ |

| | | | |
|---|---|---|---|
| | | | ഓൺലൈനായി കണക്ഷൻ നടപടികൾ പൂർത്തീകരിച്ച കണക്ഷൻ ലഭ്യമാക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ വേണ്ട ഓൺലൈൻ സൗകര്യങ്ങൾ എന്തെല്ലാമാണ്; അതിനായി വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഇ-ടാപ്പ് പദ്ധതി നടപ്പാക്കുവാൻ ഇന്റർനെറ്റ് കണക്ഷനും കംപ്യൂട്ടറും ആവശ്യമാണ്. വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിൽ നിലവിൽ ഈ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ് |

സെക്ഷൻ ഓഫീസർ